# ഒന്നാമത് ഇന്ത്യ- യുഎസ് തന്ത്രപ്രധാന - വാണിജ്യ വിഷയങ്ങളിൽ മന്ത്രിതല സംഭാഷണം

## സെപ്തംബർ 18, 2015

ഒന്നാമത് ഇന്ത്യ- യുഎസ് തന്ത്രപ്രധാന - വ്യവസായ മന്ത്രിതല സംഭാഷണം (India-US Strategic and Commercial Dialogue (S&CD) സെപ്തംബർ 22, 2015 നു വാഷിംഗ്ടൺ ഡിസിയില് നടക്കും . വിവിധ മേഖലകളിലെ സഹകരണത്തിനുള്ള ഉഭയകക്ഷി അജണ്ടയിലെ പ്രത്യേക ചർച്ചകൾക്കും ഔപചാരിക ചർച്ചകൾക്കും ഏറ്റവും സമഗ്രമായ സംവിധാനം ആണിത് .

ഇന്ത്യയും യുണൈറ്റഡ് സ്റ്റേസ്ട്സും ജൂലൈ 2009 ല് ആണ് മന്ത്രിതല തന്ത്രപ്രധാന സംഭാഷണം ആരംഭിച്ചത് . പ്രഥമ യോഗം വാഷിംഗ്ടൺ ഡിസിയില് ജൂണ് 2010നു നടന്നു , അത് കഴിഞ്ഞുള്ള യോഗങ്ങൾ ന്യൂഡെൽഹി (ജൂലൈ 2011) , വാഷിംഗ്ടൺ ഡിസി (ജൂൺ 2012), ന്യൂഡെൽഹി (ജൂൺ 2013 - ജൂലൈ 2014 ) നടന്നു

ഇന്ത്യാ- യു എസ് തന്ത്രപ്രധാന സംഭാഷണത്തെ തന്ത്രപ്രധാന- വാണിജ്യ സംഭാഷണം ആക്കിയുയർത്താനുള്ള തീരുമാനം എടുക്കുന്നത് ജനുവരി 2015 ല് യുഎസ് പ്രസിഡണ്ട് ബരാക് ഒബാമയുടെ ഇന്ത്യാ സന്ദർശനത്തിന്റെ സമയത്താണ്

തന്ത്രപ്രധാന- വാണിജ്യ സംഭാഷണത്തിനുള്ള ഇന്ത്യൻ പ്രതിനിധി സംഘത്തെ കേന്ദ്ര വിദേശകാര്യ മന്ത്രി സുഷമ സ്വരാജ് നയിക്കും .പ്രതിനിധി സംഘത്തിൽ വിവിധ മന്ത്രാലയങ്ങൾ, ഗവൺമെന്റ് വകുപ്പുകള് എന്നിവിടങ്ങളില് നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർക്കൊപ്പം കേന്ദ്ര വാണിജ്യ - വ്യാവസായിക സഹമന്ത്രിയും (സ്വതന്ത്ര ചുമതല )

സാമ്പത്തികകാര്യ -കോർപ്പൊറേറ്റ് അഫയേഴ്സ് സഹമന്ത്രിയുമായ നിർമല സീതാരാമന് ,കേന്ദ്ര ഊർജം, കൽക്കരി, നവ-നവീകരണ ഊർജ സഹ മന്ത്രി പീയൂഷ് ഗോയൽ എന്നിവരും ഉൾപ്പെടും .
യുഎസ് പ്രതിനിധി സംഘത്തിൽ സ്റ്റേറ്റ് സെക്രട്ടറി ജോൺ കേറി , സെക്രട്ടറി , വാണിജ്യ സെക്രട്ടറി പെന്നി പ്രിട്സെക്കാര് , ഊർജ സെക്രട്ടറി ഏണസ്റ്റ് മോണിസ് എന്നിവർ ഉണ്ടാകും. അവർക്കൊപ്പം ഉന്നത തല ഇന്റർ-ഏജൻസി പ്രതിനിധികളും ഉണ്ടായിരിക്കും.

തന്ത്രപ്രധാന- വാണിജ്യ യോഗത്തിൽ വിവിധ ഉഭയകക്ഷി വിഷയങ്ങൾ , പരസ്പരം താത്പര്യമുള്ള , മേഖലാ, ആഗോള വിഷയങ്ങൾ ഇരു വിഭാഗവും തമ്മില് ചർച്ച ചെയ്യും. ഇന്ത്യയും യുഎസും തമ്മിലുള്ള ഉഭയക്ഷി ബന്ധങ്ങളിലെ എല്ലാ വശങ്ങളും അവലോകൻമ ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു,. തന്ത്രപ്രധാനം, പ്രതിരോധം,സുരക്ഷ, ഊർജവും പരിസ്ഥിതിയും , ശാസ്ത്ര- സാങ്കേതികവിദ്യയും സ്പേസും . ആരോഗ്യം , വിദ്യാഭ്യാസം , മനുഷ്യവികസനം , മൂന്നാം രാജ്യ ഇടപാടുകൾ , സാമ്പത്തികം- ധനകാര്യം , വ്യാപാരം, നിക്ഷേപ മേഖലകൾ എന്നിവ ഉൾപ്പെടെ ഭാവിയിൽ സഹകരണത്തിനുള്ള മേഖലകള് കണ്ടെത്തും. തന്ത്രപ്രധാന- വാണിജ്യ യോഗത്തിനോടു അനുബന്ധിച്ച് താഴെ പറയുന്ന സംഭാഷണ സംവിധാനങ്ങൾ കൂടി നടക്കും :ഇന്ത്യാ-യുഎസ് ഊർജ സംഭാഷണം , ഔദ്യോഗിക ഉപസംഘ യോഗം ( സെപ്തംബർ 17-18, 2015)

:സെക്രട്ടറി തല ഇന്ത്യാ-യുഎസ് ആരോഗ്യ സംഭാഷണം (സെപ്തംബർ 17-18, 2015)
:മന്ത്രിതല ഇന്ത്യാ-യുഎസ് സംഭാഷണം (സെപ്തംബർ 21 , 2015)

· ഇന്ത്യാ-യുഎസ് , സിഇഓ ഫോറം (സെപ്തംബർ 21 , 2015)
· സെക്രട്ടറി തല ഇന്ത്യാ-യുഎസ് , കാലാവസ്ഥാ മാറ്റങ്ങൾക്കുള്ള സംയുക്ത കർമ്മ സംഘം (സെപ്തംബർ 21 , 2015)